# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് -പെൻഷൻ -പി.പി.ഒ യുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിന് ഫീസ് ഉയർത്തി നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

**സ.ഉ(പി) നം: 141/16/ധന** **തിരുവനന്തപുരം, തീയതി 23.09.2016.**

---

പരാമർശം :- കെ എസ് ആർ ഭാഗം 3 ചട്ടം 134 ന്റെ താഴെയുള്ള കുറിപ്പ്

**<u>ഉത്തരവ്</u>.**

പരാമർശ ചട്ടം പ്രകാരം ഒരു പെൻഷണറുടെ കൈവശമുള്ള പെൻഷൻ പെയ്മെന്റ് ഓർഡറിന്റെ (PPO) പകർപ്പ് നഷ്ടപ്പെടുമ്പോൾ രണ്ടു രൂപ ഫീസോടുകൂടി ഒരു ഡ്യൂപ്ലിക്കേറ്റ് പകർപ്പിന് ട്രഷറി ഓഫീസർക്ക് ഒരു അപേക്ഷ നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പി. പി. ഒ യുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിന് രണ്ടു രൂപ ഫീസാണ് 14.11.1964 മുതൽ നിശ്ചയിച്ചിരിക്കുന്നത്.പ്രസ്തുത നിരക്ക് കാലഹരണപ്പെട്ട സാഹചര്യത്തിലും സർവ്വീസ് പെൻഷനോ/കുടുംബ പെൻഷനോ വാങ്ങുന്നവർ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരാത്ത സാഹചര്യത്തിലും ഇപ്പോൾ മിനിമം പെൻഷൻ 8500/- രൂപ ആയതിനാലും പി. പി. ഒ യുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിന്റെ ഫീസ് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പി. പി. ഒ യുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിന് അപേക്ഷിക്കാനുള്ള ഫീസ് രണ്ടു രൂപയിൽ നിന്ന് **250/** - രൂപയായി ഉയർത്തി നിശ്ചയിച്ച് ഉത്തരവാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി കെ എസ് ആർ ഭാഗം 3 ചട്ടം 134 ന്റെ താഴെയുള്ള കുറിപ്പ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

> "ഒരു പെൻഷണറുടെ പെൻഷൻ നൽകൽ ഉത്തരവിന്റെ അയാളുടെ ഭാഗം നഷ്ടപ്പെടുമ്പോൾ **250/** - രൂപ ഫീസോടുകൂടി ഒരു ഡ്യൂപ്ലിക്കേറ്റ് പകർപ്പിന് ട്രഷറി ഓഫീസർക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്. ഈ ചട്ടം, അർദ്ധഭാഗം നഷ്ടപ്പെട്ടു എന്നു പറയുന്ന തിന്റെ സാഹചര്യങ്ങളിലേയ്ക്ക് ഒരു കൃത്യമായ അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യകതയെ ലഘൂകരിക്കുന്നതല്ല പെൻഷൻ നൽകൽ ഉത്തരവിന്റെ നഷ്ടം സംഭവിച്ചത് ഒരു അപകടം കാരണമോ അല്ലെങ്കിൽ പെൻഷണറുടെ നിയന്ത്രണത്തിനും അപ്പുറമുള്ള കാരണങ്ങളാലോ

ആകുന്നപക്ഷം ട്രഷറി ഡയറക്ടർക്ക് അയാളെ ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്."

3) ഉത്തരവ് തീയതി മുതൽ ഈ ഉത്തരവിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

4) കെ എസ്ആർ ഭാഗം III -ൽ നിയമാനുരൂപമായ ഭേദഗതി പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**

**ജി. കമലവർദ്ധന റാവു.**
**ധനകാര്യ പ്രിൻസിപ്പൽ എക്സ്പെൻഡിച്ചർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർ.,
സ്പെഷ്യൽ സ്എക്രട്ടറി /അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി /
ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ,തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി,എറണാകുളം
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ
എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ ട്രഷറികളും സബ് ട്രഷറികളും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**